**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5649** **16-03-2023 - ൽ മറുപടിയ്ക്ക്**

**കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചുനൽകുന്നതിൽ അകാരണമായ കാലതാമസം നേരിടുന്നതായുള്ള മാധ്യമ റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എന്നാൽ, സർക്കാർ അനുവദിച്ചിട്ടുള്ള പുതിയതും ഒഴിവുള്ളതുമായ മുഴുവൻ ലൊക്കേഷനിലേയും അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ട് വരുന്നു. |
| (ബി) | എങ്കിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ പെൻഡിംഗിൽ ഉള്ളതെന്ന് അറിയിക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിലെ 9 ലൊക്കേഷനിലേക്ക് 175 അപേക്ഷകളും മലപ്പുറം ജില്ലയിലെ 24 ലൊക്കേഷനിലേക്ക് 707 അപേക്ഷകളും നിലവിൽ പെൻഡിംഗിൽ ഉണ്ട്. |
| (സി) | അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരുന്ന ദൂരപരിധി 2 കി.മീ എന്നത് പഞ്ചായത്ത് പ്രദേശങ്ങളിൽ 2 കി.മീ ആയി നിലനിർത്തുകയും എന്നാൽ കോർപ്പറേഷനിൽ 1 കി.മീ ആയും മുനിസിപ്പാലിറ്റിയിൽ 1.5 കി.മീ ആയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾ, മുനിസിപ്പാലിറ്റിയിൽ 6 അക്ഷയ കേന്ദ്രങ്ങൾ എന്ന അക്ഷയ കേന്ദ്രങ്ങളുടെ പരമാവധി എണ്ണത്തെ സംബന്ധിച്ച നിബന്ധനയും നീക്കം ചെയ്തിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദൂരപരിധി പാലിച്ചുകൊണ്ട് അക്ഷയ കേന്ദ്രങ്ങൾക്ക് സാധ്യതയുള്ള ലൊക്കേഷനുകൾ കണ്ടെത്തി പട്ടിക സമർപ്പിക്കുന്നതിന് ജില്ലാ ഓഫീസുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | നിലവിൽ ലഭിച്ച അപേക്ഷകൾ സർക്കാർ നിഷ്കർഷിച്ച മാർഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ